പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2182 01.02.2018 -ൽ മറുപടിക്ക്.

**അരിയുടെ വില വർദ്ധന**

| ചോദ്യം<br>**ശ്രീ. ടി. എ. അഹമ്മദ് കബീർ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സർക്കാർ ആശുപത്രികളിലേക്കും ജയിലുകളിലേക്കും അങ്കണവാടികളിലേക്കും ഭക്ഷ്യവകുപ്പ് മുഖേന വിതരണം ചെയ്യുന്ന അരിയുടെ വിലവർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിലവർദ്ധന തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ; | (എ) സർക്കാർ ആശുപത്രികളിലേക്കും ജയിലുകളിലേക്കും അങ്കണവാടികളിലേക്കും ഭക്ഷ്യവകുപ്പ് എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് വഴി എ.പി.എൽ നിരക്കിൽ വിതരണം ചെയ്യുന്ന അരിയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (ബി) പൊതുവിപണിയിൽ അരിയുടെയും മറ്റു സാധനങ്ങളുടെയും വിലവർദ്ധന നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ബി) പൊതുവിപണിയിൽ അരിയുടെയും മറ്റു സാധനങ്ങളുടെയും വിലവർദ്ധനവിന് നിരവധി ഘടകങ്ങൾ കാരണമാകുന്നു. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഇന്ധനവിലയിൽ ക്രമാനുഗതമായി അടുത്ത കാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവ് നിത്യോപയോഗ സാധനങ്ങളുടെ കടത്ത് കൂലി വർദ്ധനവിന് കാരണമാകുകയും ആയത് വിലക്കയറ്റത്തിന് കാരണമാകുകയും ചെയ്യുന്നു. എങ്കിലും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനായി വിവിധ വകുപ്പുകളേയും ഏജൻസികളെയും ടെക്നിക്കൽ സ്റ്റാഫുകളെയും ഉൾപ്പെടുത്തി ഇറക്കുമതി ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കയറ്റം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുന്നതിനായി പ്രൈസ് മോണിറ്ററിംഗ് സെൽ സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. 22 അവശ്യ സാധനങ്ങളുടെ വില സംസ്ഥാനത്തെ പൊതുവിപണിയിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് കേന്ദ്ര പൊതുവിതരണ ഉപഭോക്തൃ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ ശക്തമായ പരിശോധനകൾ നടത്തുകയും ചെയ്യുന്നു. ആന്ധ്രാ സർക്കാരുമായി നേരിട്ട് ബന്ധപ്പെട്ട് ഓണക്കാലത്ത് അരി ലഭ്യമാക്കി വിതരണം നടത്തുകയും ചെയ്തിരുന്നു. സർക്കാർ ഇച്ഛാശക്തിയോടെ സ്വീകരിച്ച ഇത്തരം നടപടികളുടെ ഫലമായി വിലക്കയറ്റം ഒരളവുവരെ പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ